**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 394** **20-03-2025 - ൽ മറുപടിയ്ക്ക്**

**പാലങ്ങളുടെ അടിഭാഗങ്ങളിൽ സുസ്ഥിര നഗരസൗന്ദര്യവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീമതി ദെലീമ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നഗരമധ്യേയുള്ള പാലങ്ങളുടെ അടിഭാഗങ്ങൾ സുസ്ഥിര നഗരസൗന്ദര്യവത്കരണത്തിനും വാണിജ്യവത്കരണത്തിനും അനുയോജ്യമായ വിധത്തിൽ വികസിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | പൊതു ഇടങ്ങളുടെ വികസനത്തിൽ സുസ്ഥിര വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി രാജ്യത്ത് ആദ്യമായി "ഡിസൈൻ പോളിസി" നടപ്പിലാക്കിയ സംസ്ഥാനമാണ്, കേരളം. പൊതുമരാമത്ത്, ടൂറിസം മേഖലകളിലാണ് ഡിസൈൻ പോളിസി അംഗീകരിച്ചിട്ടുള്ളത്. ഡിസൈൻ പോളിസിയുടെ ഭാഗമായി പാലങ്ങളുടെ അടിഭാഗങ്ങൾ പാർക്കുകൾ ആയും പൊതു ഇടങ്ങളായും വികസിപ്പിക്കുന്നതിന് തീരുമാനിച്ചു. ഇതിന്റെ ഭാഗമായുള്ള ആദ്യ പദ്ധതി കൊല്ലം എസ് എൻ കോളേജിന് സമീപം ടൗൺഹാളിന്റെ എതിർവശത്തുള്ള റെയിൽവേ ഓവർ ബ്രിഡ്ജിൽ നടപ്പിലാക്കി. ടൂറിസം വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച "വീ പാർക്ക്" പൊതു ജനങ്ങൾക്ക് തുറന്നു നൽകിയിട്ടുണ്ട്. ഓപ്പൺ ജിം,ചെസ്സ്, ബാഡ്മിന്റൺ-വോളീബോൾ കോർട്ടുകൾ,വാക്കിംഗ് ഏരിയ,ഫുഡ് സ്റ്റാൾ, സ്കേറ്റിംഗ് കോർട്ട്, എന്നിവയോടെയാണ് വീ പാർക്ക് നിർമ്മിച്ചിരിക്കുന്നത്. ഇതോടൊപ്പം പന്നിയങ്കര ആർ.ഒ.ബി, മീഞ്ചന്ത ആർ.ഒ.ബി, ഗുരുവായൂർ ആർ.ഓ.ബി, ദേവദാർ ആർ.ഒ.ബി, എന്നീ ആർ.ഒ.ബി കൾക്ക് അടിഭാഗം “We Park വികസിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഉപയോഗശൂന്യമായി കിടക്കുന്ന പൊതുഇടങ്ങളായി വികസിപ്പിക്കുക വഴി പുതിയ ലെഷർ സെന്ററുകളാണ് സൃഷ്ടിക്കപ്പെടുന്നത്. നഗര മേഖലകളിൽ ഉള്ളവർക്കൊപ്പം ഗ്രാമീണ ജനതയ്ക്കും ഇത്തരം സൗകര്യങ്ങൾ ആസ്വദിക്കുന്നതിനുള്ള അവസരം ലഭ്യമാകും. തിരുവനന്തപുരത്ത് ബേക്കറി ജംഗ്ഷൻ മേൽപ്പാലത്തിന്റെ കീഴ്ഭാഗം സി.എസ്.ആർ ഫണ്ട് ഉപയോഗപ്പെടുത്തി ആകർഷകമാക്കിയിട്ടുണ്ട് |

| | | | |
|---|---|---|---|
| | | | .സംസ്ഥാനത്തിന്റെ ടൂറിസം വികസന മേഖലയിലെ പുത്തൻ പദ്ധതിയെ ഇതിനോടകം സഞ്ചാരികളും ഏറ്റെടുത്തു കഴിഞ്ഞു. |
| (ബി) | പാലങ്ങളുടെ അടിഭാഗങ്ങളിൽ വാൾ ആർട്ടുകളും മ്യൂറൽ പെയിന്റിംഗുകളും ഉപയോഗിച്ച് സൗന്ദര്യവത്കരിച്ച ഇടങ്ങൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ; | (ബി) | **കൊല്ലം എസ്സ്.എൻ.കോളേജ് ജംഗ്ഷന് സമീപം സി.കേശവൻ സ്മാരക ടൗൺ ഹാളിന് എതിർവശത്തുള്ള റെയിൽവേ മേൽപ്പാലം, ഫറോക്ക് പഴയ പാലം എന്നിവയോട് ചേർന്ന് പാർക്കും ചുറ്റുമതിലും ചെയ്തിട്ടുണ്ട്. പാർക്കിന്റെ ചുറ്റു മതിലിൽ മ്യൂറൽ പെയിൻറിംഗ് ചെയ്തിട്ടുണ്ട്. തിരുവനന്തപുരത്തെ ബേക്കറി ഫ്ലൈഓവറിന്റെ തൂണുകൾ സി.എസ്.ആർ ഫണ്ട് മുഖാന്തിരം വാൾ ആർട്ടുകൾ ഉപയോഗിച്ച് സൗന്ദര്യവത്കരിച്ചിട്ടുണ്ട്.** |
| (സി) | ഈ ഭാഗങ്ങളിൽ ആധുനിക പാർക്കിംഗ് സൗകര്യങ്ങളും ജനകീയ ഔട്ട്ഡോർ പാർക്കുകളും സജ്ജീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | കൊല്ലത്ത് പാർക്കിംഗ് സൗകര്യങ്ങളും ജനകീയ പാർക്കുമാണ് സജ്ജീകരിച്ചിട്ടുള്ളത്. ഫറോക്ക് പഴയ പാലത്തിനോട് ചേർന്ന് ജനകീയ ഔട്ട് ഡോർ പാർക്ക് സജ്ജീകരിച്ചിട്ടുണ്ട്. |
| (ഡി) | പാലങ്ങളുടെ അടിഭാഗങ്ങളിൽ സ്മാർട്ട് മാർക്കറ്റുകളും വ്യാപാര സ്ഥാപനങ്ങളും വികസിപ്പിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത പദ്ധതി ഏകോപിപ്പിച്ച് നടപ്പാക്കുന്നത്; സ്വകാര്യസ്ഥാപനങ്ങളുടെ പരസ്യങ്ങൾ, സി.എസ്.ആർ. ഫണ്ട് എന്നിവ പദ്ധതിയ്ക്കായി ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും എവിടെയെല്ലാമാണ് നിലവിൽ പദ്ധതി ആരംഭിച്ചിട്ടുള്ളതെന്നും അറിയിക്കാമോ; വിശദമാക്കാമോ? | (ഡി) | പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ പ്രത്യേകതയ്ക്ക് അനുസരിച്ച് വ്യത്യസ്ത ഘടകങ്ങൾ ഉൾപ്പെടുത്താവുന്നതാണ്. പരസ്യങ്ങൾ, സി.എസ്. ആർ ഫണ്ട് എന്നിവ ഇതിനായി ഉപയോഗിക്കുന്നതിന് ആലോചിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ